നള്ള കച്ചവടക്കാർ കൂടുകയാണെങ്കിൽ ഒരുപക്ഷെ നല്ല വില കിട്ടുമായിരിക്കാം. എന്നാൽ കച്ചവടക്കാർ കുറവാണെന്ന വരികിൽ അതിന്ന അന്യായമായ വില കിട്ടുകയും ഇല്ല. ഇതു ധനതത്വശാസ്ത്രത്തിന്റെ ഒരു വകഭേദം മാത്രമാണ്. വേറെ ചന്ത അന്വേഷിച്ചു പോകാനുള്ള സൌകര്യം കിട്ടുകയില്ല. അതുകാരണം അവക്ക് ഉദ്ദേശിച്ചവില കിട്ടുവാൻ പ്രയാസമാണ്. അടക്കവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒരു കൊച്ചൊപ്പറേറ്റീവ് സൊസൈറ്റി ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഗവർമ്മെണ്ട് ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം എന്നു പറയുന്നതു് ഉപകാരപ്രദമാണ്. അതിനോട് ഞാൻ യോജിച്ചുകൊണ്ടു എന്റെ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Demand under 10—Excise, put and carried.

II. 7.—Excise, Cranganur.

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 5,520 under '7 Excise, Cranganur.'

Mr. E. Ikkanda Warriar (*Prime Minister*): I second it.

Demand put and carried.

III. 20—Law and Justice

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 3,67,654 under '20 Law and Justice' State.—

Mr. E. Ikkanda Warriar (*Prime Minister*): I second it.

Mr. President: There are cut motions under this and we are allotting one hour for this.

CUT MOTION No. 1

മിസ്റ്റർ എ. എം. തോമസ്സ്: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

To reduce the allotment of Rs. 14,873 for B. Civil Justice Establishment in Demand No. 20 by—Re. 1. (To bring to the notice of the Government itnordinate delay in publication of the Cochin Law Reports and to request the Government to take suitable measures to avoid the said delay.)

സർ, ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതിനു പ്രത്യേകിച്ചു അഭിഭാഷക ദ്രോഹപക്ഷമുള്ള ഇന്നത്തെ മന്ത്രിസഭ നിലവിലുള്ളപ്പോൾ ഒരു വലിയ പ്രസംഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നു നമുക്കു കിട്ടിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹമാണ് ഇന്നത്തെ സിസ്റ്റം "ജൂഡീഷ്യൽ". ഇംഗ്ലീഷ് ജൂഡീഷ്യറിയെ അനുകരിച്ചു, ഇവിടത്തെ ജൂഡീഷ്യറി നടത്തിക്കൊണ്ടുപോകുന്നതിനു ലോ റിപ്പോർട്ടുകൾ അത്യന്താപേക്ഷിതമാണ്. ഈ റിപ്പോർട്ടുകൾ പൊതുജനങ്ങളുടെ അറിവിന്നായി തക്ക സമയത്തു എത്തിച്ചുകൊടുക്കുക എന്നുള്ളതു ഗവർമ്മെണ്ടിന്റെ പ്രാഥമികധർമ്മം മാത്രമാണ്. എന്നാൽ നമ്മുടെ ഗവർമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ കേവലം അനാസ്ഥയാണ് പ്രകടിപ്പിച്ചു വന്നിട്ടുള്ളതു് എന്നുള്ളതു വ്യസനസമേതം പറയാതെ നിവർത്തിയില്ല. Cochin Law Reports ൧൯൨൭ മുതൽ പബ്ലിഷ് ചെയ്തുതുടങ്ങി. ൧൯൨൦ വരെ അതു നാലു മാസം കൂടുമ്പോൾ ആയിരുന്ന പ്രസിദ്ധപ്പെടുത്തിയിരുന്നതു്. ൧൯൨൦ മുതൽ അതു മാസാന്തരം പബ്ലിഷ് ചെയ്യണമെന്നാക്കിട്ടുണ്ട്. ൧൯൨൯ വരെ നിലനിന്നിരുന്ന subscription രൂപ ആയിരുന്നതു ൧൯൩൪ മുതൽ ൧൦ രൂപ ആക്കീട്ടുണ്ട്. അതിന്റെ subscription കൂട്ടിട്ടു അതു വേണ്ട സമയത്തു പബ്ലിഷ് ചെയ്യുന്നില്ല എങ്കിൽ അതിൽ ഞങ്ങൾക്കു പ്രതിഷേധമുണ്ട്. ലെജിസ്ലേഷൻ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കാലത്തു Law Reports കൃത്യസമയത്തിന്നു പബ്ലിഷ് ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു് ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാതെ നിവർത്തിയില്ല. ൧൯൨൬ കർക്കടകമാസത്തെ ഇഷ്യു ഈ മാസം ആദ്യമാണ് കിട്ടിയിരിക്കുന്നതു്. ൧൯൨൯ കുംഭമാസത്തെ ഇഷ്യു കഴിഞ്ഞ കന്നിമാസം ൧൫-ാംതീ- ആണ കിട്ടിയതു. ഇന്നത്തെ പത്രം നാളത്തെ തിയ്യതിവെച്ചു അടിച്ചുവിടുന്ന ഈ കാലത്തു Law report-കൾ ഇത്രയും വൈകി കിട്ടുന്നതു ഏറ്റവും ശോചനീയമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ൧൯൨൯-ൽ പുറപ്പെടുവിച്ചിട്ടുള്ളതും ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ളതുമായ രൂപകം അനുസരിച്ചാണ് Law Reporting നടത്തിവരേണ്ടതു്. ടി രൂപകളിൽ ൫-ം, ൬-ം രൂപകം താഴെ ഉദ്ധരിക്കുന്നു.

Rule 5.—Judgments of one month should be publishd within eight weeks of their pronouncement within two weeks of the date of receipt by the Law Reporter of the last judgment after approval by the Judges manuscript of the part should be sent to the press and within one

LIBRARY ARCHIVES Kerala Legislative Assembly